ഒരേ ആവശ്യത്തിന് രണ്ടുവകുപ്പിൽ നിന്നും ആനുകൂല്യം നൽകുന്നത് ഉചിതമല്ലെന്ന് കണ്ടതിനാൽ ആനുകൂല്യങ്ങൾ എസ്.സി./എസ്.ടി. വകുപ്പിൽ നിന്ന് മാത്രം ഒതുക്കി നിർത്തുക മാത്രമേ ചെയ്തിട്ടുള്ളൂ.

(ഇ) അർഹതയുള്ള ആനുകൂല്യങ്ങൾ നിർത്തലാക്കിയിട്ടില്ല.

അനിയന്ത്രിതമായ ഭൂഗർഭജല വിനിയോഗം

*11. [41] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:

„ പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽ കിണറുകൾ കുഴിച്ച് ഭൂഗർഭജലം വിദേശത്തേക്ക് കയറ്റി അയക്കുന്ന പദ്ധതികൾക്ക് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളാണെന്ന് വിശദമാക്കാമോ;

(ബി) പാലക്കാട് പ്ലാച്ചിമടയിൽ ഭൂഗർഭജലത്തിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ ഉത്തരവ് എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഭൂഗർഭജലം കുഴിച്ചെടുക്കുന്നതിന് ഏതെല്ലാം ജില്ലകൾക്കും, കമ്പനി കൾക്കുമാണ് അനുമതി നൽകിയിട്ടുള്ളത്;

(ഡി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) അനിയന്ത്രിതമായ വിധത്തിൽ വെള്ളം കുഴിച്ചെടുക്കുന്നതുമൂല മുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും, കുടിവെള്ളക്ഷാമവും സംബന്ധിച്ച് പ്രത്യേകം പഠനം നടത്തിയിട്ടുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) കുഴൽകിണർ കുഴിച്ച് ഭൂഗർഭജലം വിദേശത്തേക്ക് കയറ്റി അയയ്ക്കുന്ന പദ്ധതികൾക്ക് ഭൂഗർഭ വകുപ്പ് അനുമതി നൽകിയിട്ടില്ല.

(ബി) പാലക്കാട് പ്ലാച്ചിമടയിൽ ഭൂഗർഭജലത്തിനായി ഭൂജല വകുപ്പിൽ അപേക്ഷ ലഭിച്ചിട്ടില്ല.

(സി) ഭൂഗർഭജലം കുഴിച്ചെടുക്കുന്നതിന് ജില്ലകൾക്കും കമ്പനികൾക്കും ഭൂജല വകുപ്പിൽ നിന്നും അനുമതി നൽകിയിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) അനിയന്ത്രിതമായ വിധത്തിൽ വെള്ളം കുഴിച്ചെടുക്കുന്നതു മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും കുടിവെള്ളക്ഷാമവും സംബന്ധിച്ച് പ്രത്യേകം പഠനം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly